വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

**കേരള പാഠാവലി – X**

യുദ്ധത്തിന്റെ പരിണാമം - 02

29-12-2020

 മുൻ ക്ലാസ്സിൽ നൽകിയ തുടർപ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി.

■പാഠസംഗ്രഹം തയ്യാറാക്കുക

■നാളിതുവരെ കണ്ട ദുര്യോധനനിൽ നിന്നും പാഠഭാഗത്ത് കാണുന്ന ദുര്യോധനനിലുള്ള മാറ്റം വിശകലനം ചെയ്ത് കഥാപാത്രത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

 ശ്രീനന്ദന എന്ന കുട്ടി തയ്യാറാക്കിയ കുറിപ്പ് അവതരിപ്പിക്കുന്നത് കാണിച്ചു.

 പാഠസന്ദർഭങ്ങൾ ഉദാഹരിച്ചു കൊണ്ട് ദുര്യോധനൻ എന്ന കഥാപാത്രത്തെ വിശകലനം ചെയ്തു.

കഥാസന്ദർഭങ്ങൾ ഉദാഹരിച്ച് കൊണ്ട് ദുര്യോധനന്റെ സ്വഭാവസവിശേഷതകൾ ക്രോഡീകരിച്ച് പറഞ്ഞു.

■തുട തകർന്ന് മരണം കാത്തു കിടക്കുമ്പോഴും സ്വന്തം വേദനയിൽ വിലപിക്കാത്ത, ഒടുങ്ങാത്ത ആത്മവീര്യം.

■ശത്രുവിനോടുള്ള അവജ്ഞ

■ചതിച്ചവരോടുള്ള കോപവും സഹതാപവും .

■ജീവിതത്തിൽ ആഗ്രഹിച്ചതെല്ലാം ചെയ്യാനും നേടാനും കഴിഞ്ഞതിലുള്ള സംതൃപ്തിയും അഭിമാനവും .

■ചതിച്ചവർ തോൽക്കുകയും താൻ ജയിക്കുകയും ചെയ്യുന്ന ഭാവം

■പരാജയത്തിന് കാരണം തന്റെ വിധിയാണെന്ന ആശ്വാസം കണ്ടെത്തൽ

■ഏക സഹോദരിയെ ചൊല്ലി വ്യസനിക്കുന്നതിലൂടെ  പ്രകടമാകുന്ന ഹൃദയോന്നതിയും ആഭിജാത്യവും .

■വീരസ്വർഗ്ഗ പ്രാപ്തിയിലുള്ള ഉറച്ചവിശ്വാസം.

■ഏറ്റവും നല്ല മരണമാണ് തനിക്ക് കിട്ടിയതെന്ന ആത്മവിശ്വാസം.

■സ്വപ്രത്യയസ്ഥൈര്യം (സ്വന്തം വിശ്വാസത്തിൽ / അഭിപ്രായത്തിൽ ഉറച്ച് നിൽക്കുന്ന സ്വഭാവം )

 ദുര്യോധനന്റെ അവസ്ഥ കണ്ട് അശ്വത്ഥാമാവ് പറയുന്ന വാക്കുകൾ വിവരിച്ചു.

■ ഇന്നു ഞാൻ സർവ്വ പാഞ്ചാലരേയും വാസുദേവൻ കാണെ തന്നെ കാലന്നൂർ പൂകിക്കും.

കാലന്നൂർ പൂകിക്കുക - കൊല്ലുക

വാസുദേവൻ - ശ്രീകൃഷ്ണൻ

പാഞ്ചാലർ - പാഞ്ചാലിയുടെ ബന്ധുക്കൾ

 പാഠഭാഗത്ത് നൽകിയ മഹാഭാരത കഥയുടെ തുടർഭാഗം വിവരിച്ചു.

■ദുര്യോധനന്റെ വീഴ്ച്ചയ്ക്ക് ശേഷവും യുദ്ധം അവസാനിച്ചില്ല.

■അശ്വത്ഥാമാവിനെ അവസാന സേനാനായകനായി അഭിഷേകം ചെയ്തു.

■അശ്വത്ഥാമാവ് കൃപരോട്ടും കൃതവർമ്മാവിനോടുമൊപ്പം രാത്രിയിൽ പാണ്ഡവരുടെ പാളയത്തിൽ എത്തി.

■ആ സമയത്ത് പാണ്ഡവരും കൃഷ്ണനും അവിടെ ഉണ്ടായിരുന്നില്ല. (ഓഘവതീ നദിയുടെ തീരത്തായിരുന്നു )

■അശ്വത്ഥാമാവ് ശിബിരത്തിൽ കടന്ന് കാലനെ പോലെ പ്രവർത്തിച്ചു.

■ധൃഷ്ടദ്യുമ്നനെയും (ദ്രോണരുടെ ഘാതകി ) ശിഖണ്ഡിയെയും വധിച്ചു.

■പാണ്ഡവ പാളയത്തിൽ ഉണ്ടായിരുന്ന മുഴുവൻ ആളുകളെയും അശ്വത്ഥാമാവും കൂട്ടരും ചേർന്ന് കൊന്നു .

■കൂടാരങ്ങൾക്ക് മൂന്നുവശവും തീയിട്ടു.

■രാത്രി ആളുകളുറങ്ങി എത്ര നിശബ്ദമായ ശിബിരത്തിലേക്കാണോ അശ്വത്ഥാമാവ് കടന്നുചെന്നത് ആളുകൾ കൊല്ലപ്പെട്ട് അത്രയും നിശബ്ദമായ ശിബിരത്തിൽ നിന്ന് അയാൾ പുറത്തേക്ക് വന്നു.

■മൂവരും ചോരയിൽ ആണ്ടുകിടക്കുന്ന ദുര്യോധനന്റെ അടുത്ത് ചെന്ന് സന്തോഷവാർത്ത അറിയിച്ചു.

■ഏറെ സന്തോഷത്തോടെ ദുര്യോധനൻ മരണത്തിന് കീഴടങ്ങി.

■പതിനെട്ടാം ദിവസം രാത്രി ഒടുക്കത്തെ സേനാപതിയായ അശ്വത്ഥാമാവ് നടത്തിയ പൈശാചികമായ അറുകൊലയിലാണ് മഹാഭാരതയുദ്ധം അവസാനിക്കുന്നത്.

മഹാഭാരത സന്ദർഭം നൽകുന്ന സന്ദേശങ്ങൾ വിശദീകരിച്ചു.

■ഏത് വ്യവസ്ഥയിൽ തുടങ്ങിയാലും എല്ലാ യുദ്ധങ്ങളുടെയും ഒടുക്കം ദുരന്തമായിരിക്കും.

■നല്ലനിലയിൽ യുദ്ധം ചെയ്യുന്നവൻ എന്ന അർത്ഥത്തിൽ - സുയോധനൻ എന്ന പേരും മോശം മാർഗത്തിൽ യുദ്ധം ചെയ്യുന്നവൻ എന്ന അർത്ഥത്തിൽ -ദുര്യോധനൻ എന്ന പേരും ഒരേ കഥാപാത്രത്തിന് നൽകിയത് മനുഷ്യമനസ്സിലെ വിഭിന്ന ഭാവങ്ങളെ തുറന്നുകാട്ടാൻ വേണ്ടിയാണ്.

ഒപ്പം യുദ്ധങ്ങളുടെ ദുരന്ത പര്യവസാനവും ഇവിടെ സൂചിപ്പിക്കുന്നു.

■ ഇലിയഡും ഒഡീസിയും പോലെ യുദ്ധവീരൻമാരുടെ പരാക്രമം വർണ്ണിക്കാൻ വേണ്ടിയല്ല മറിച്ച്, യുദ്ധം മനുഷ്യചരിത്രത്തിൽ വരുത്തിവെക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിക്കാൻ വേണ്ടിയാണ് മഹാഭാരതം രചിക്കപ്പെട്ടത്.

■മഹാഭാരതം നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

ലോകത്ത് ഇന്നും ചെറുതും വലുതുമായ യുദ്ധങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. അവയുടെയെല്ലാം ഒടുക്കം ദുരന്തവും വേദനയും തന്നെയാണ് ബാക്കിയാകുന്നത്.

ലേഖനത്തിന്റെ തുടർ ഭാഗം വിശദീകരിച്ചു.

■ വല്ല പാട്ടും നേടിയ വിജയം പകൽ വെളിച്ചത്തിൽ കാണും മുമ്പേ പരാജയമായി മാറിയത് യുധിഷ്ഠിരനെ വേദനിപ്പിച്ചു.

ഈ ജയം ഒരു പരാജയമാണെന്ന് അദ്ദേഹത്തിനു തോന്നി.

■സമുദ്രവും താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വെച്ച് മുങ്ങി പോകുന്നതിനോടാണ് ആ പരാജയത്തെ ദുര്യോധനൻ ഉപമിക്കുന്നത്.

ഈ പ്രയോഗത്തിന്റെ അർത്ഥവ്യാപ്തി കണ്ടെത്തി എഴുതാൻ നിർദേശിച്ചു.

■കൊലക്കളത്തിലെത്തിയ ദ്രൗപതി അശ്വത്ഥാമാവിനെ ഇന്നു ചെന്ന് കൊന്നില്ലെങ്കിൽ ഞാനിവിടെ പ്രായോപവേശം (മരണം വരെ നിരാഹാരം അനുഷ്ഠിക്കുക ) കൊള്ളും എന്ന് ശപഥം ചെയ്തു.

■ദ്രൗണിയുടെ (ദ്രോണരുടെ പുത്രൻ - അശ്വത്ഥാമാവ് ) ശിരസ്സിൽ ഉള്ളതായി കേൾക്കുന്ന സഹജമായ ചൂഡാമണി ( അശ്വത്ഥാമാവിന്റെ തലയിലുള്ള രത്നം) കൊണ്ടുവന്ന് അങ്ങയുടെ ശിരസ്സിൽ അണിഞ്ഞു കാണണം , ഞാൻ ജീവിക്കണമെങ്കിൽ എന്ന് ദുര്യോധനനോട് ദ്രൗപതി പറഞ്ഞു.

■ഭീമൻ വില്ലുമെടുത്ത് നകുലനെ സാരഥിയാക്കി അശ്വത്ഥാമാവിനെ കൊല്ലാൻ പുറപ്പെട്ടു.

■കൃഷ്ണൻ യുധിഷ്ഠിരന് മുന്നറിയിപ്പുനൽകി.

കോപിഷ്ഠനും ദുരാത്മാവും ചപലനും ക്രൂരനുമായ അശ്വത്ഥാമാവ് ബ്രഹ്മശിരസ്സ് എന്ന അസ്ത്രം പ്രയോഗിക്കും.

ആ അസ്ത്രം ഭൂമിയിൽ വീണാൽ പന്തിരാണ്ട് കൊല്ലം മഴ പെയ്യില്ല.

■അശ്വത്ഥാമാവപ്പോൾ ഭാഗീരഥികച്ഛത്തിൽ (ഭാഗീരഥി - ഗംഗാനദി , കച്ഛം - തീരം: ഗംഗാനദിയുടെ തീരം)

വ്യാസന്റെ അടുത്തായിരുന്നു. (കൃഷ്ണദ്വൈപായനൻ - കൃഷ്ണ ദ്വീപിൽ വസിക്കുന്നവൻ: വ്യാസൻ )

■ കയർത്തു വരുന്ന പാണ്ഡവരെ കണ്ടപ്പോൾ

'അപാണ്ഡവായ' (പാണ്ഡവരുടെ നാശത്തിന് ) എന്ന് പറഞ്ഞുകൊണ്ട് ദ്രൗണി ബ്രഹ്മ ശിരസ്സ് പ്രയോഗിച്ചു.

തുടർപ്രവർത്തനങ്ങൾ :

1. പാഠസന്ദർഭം വിശകലനം ചെയ്ത്, ദുര്യോധനന്റെ സ്വഭാവസവിശേഷതകൾ നിരൂപണം ചെയ്ത് നേരത്തെ തയ്യാറാക്കിയ കഥാപാത്ര കുറിപ്പ് മെച്ചപ്പെടുത്തി ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവെക്കുക.

2. മഹാഭാരതം നടന്ന കഥ മാത്രമല്ല നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.

കുട്ടികൃഷ്ണമാരാരുടെ ഈ നിരീക്ഷണത്തിന്റെ പൊരുൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം